തർബിയത്ത്

●

ശൈഖ് മുഹമ്മദ് കാരകുന്ന്

# രോഗസന്ദർശനം

**കഴിഞ്ഞ** ദിവസം തിരുവനന്തപുരത്ത് ചെന്നപ്പോൾ വാർധക്യവും രോഗവുമായി വീട്ടിൽ കഴിയുന്ന ഒരു പഴയകാല പ്രവർത്തകനെക്കുറിച്ച് അറിയാനിടയായി. രോഗിയാവുന്നതുവരെ ജനസേവന പ്രവർത്തനങ്ങളിൽ നിരതനായിരുന്നു. എപ്പോഴും ജനങ്ങൾക്കിടയിലായിരുന്നു. ഏതാനും വർഷമായി രോഗിയാണ്. ആശുപത്രിയിലും വീട്ടിലുമായി കഴിയുന്നു. മരുന്നുകളുടെ ലോകത്ത്. പുറത്ത് പോകാൻ കഴിയാത്തതിനാൽ കൂട്ടുകാരെ കാണാറില്ല. അവരിലാരെങ്കിലും രോഗസന്ദർശനത്തിന് എപ്പോഴെങ്കിലും ചെല്ലുമ്പോഴൊഴികെ.

ജോലിത്തിരക്കുകൾക്കിടയിൽ അൽപസമയം കണ്ടെത്തി കൂട്ടുകാരോടൊന്നിച്ച് അദ്ദേഹത്തിന്റെ വീട്ടിൽപോയി. ഞങ്ങളുടെ സന്ദർശനം അദ്ദേഹത്തിലുണ്ടാക്കിയ സന്തോഷത്തിനും ആശ്വാസത്തിനും അതിരുണ്ടായിരുന്നില്ല. വളരെ തിരിക്കുണ്ടായിട്ടും യാത്ര ചോദിക്കാൻ കഴിയാത്ത മാനസികാവസ്ഥയിലായി ഞങ്ങളും. ആ കൂടിക്കാഴ്ച അത്രയേറെ വികാര നിർഭരമായിരുന്നു.

രോഗം രോഗികൾക്ക് പരീക്ഷണമാണ്. ശരീരത്തിന് പ്രയാസവും വേദനയുമാണ്. ആരോഗ്യമുള്ളപ്പോൾ ആഗ്രഹിക്കുന്നിടത്തെല്ലാം ചെന്നെത്താൻ സാധിച്ചിരുന്നു. കല്യാണങ്ങളിലും സൽക്കാരങ്ങളിലും രോഗികളുടെ വീടുകളിലും മരണവേളകളിലുമെല്ലാം സാന്നിധ്യമറിയിച്ചിരുന്നു. എവിടെ ചെന്നാലും ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ഏകാന്തത ഒരിക്കലും വേട്ടയാടിയിരുന്നില്ല. രോഗിയാവുന്നതോടെ എല്ലാം കുഴഞ്ഞുമറിയുന്നു. മിക്കവാറും തനിച്ചായി മാറുന്നു. രോഗകാലം ദീർഘമാകുന്നതോടെ സന്ദർശകർ വളരെ വളരെ വിരളമായിത്തീരുന്നു. കൂട്ടുകാരെ കാണാൻപോലും കിട്ടാതാവുന്നു. രോഗിയും വീട്ടുകാരും മാത്രമാകുന്നു. കാലദൈർഘ്യം വീട്ടുകാരുടെ പോലും സാന്നിധ്യത്തെയും പരിചരണത്തെയും ദുർബലമാക്കുന്നു. അങ്ങനെ കടുത്ത ശാരീരിക പ്രയാസത്തോടൊപ്പം കൊടിയ മാനസിക വിഷമവും അനുഭവിക്കുന്നു. ഒറ്റപ്പെടലിന്റെ അസ്വാസ്ഥ്യവും വേദനയും വാക്കുകൾക്ക് ഉൾക്കൊള്ളാവുന്നതിലപ്പുറമാണല്ലോ.

ഇവിടെയാണ് ഇസ്‌ലാം ഇടപെടുന്നത്. രോഗസന്ദർശനം ഐഛികമായ പുണ്യകർമമല്ല; മറിച്ച് നിർബന്ധബാധ്യതയാണ്. രോഗിയെ സന്ദർശിക്കുന്നത് അല്ലാഹുവെ സന്ദർശിക്കുന്നതുപോലെയാണ്. പ്രവാചകൻ പറയുന്നു:

"അന്ത്യദിനത്തിൽ അല്ലാഹു പറയും: മനുഷ്യാ, ഞാൻ രോഗിയായി. നീ എന്നെ സന്ദർശിച്ചില്ല.

'മനുഷ്യൻ ചോദിക്കും: നാഥാ, ഞാനെങ്ങനെ നിന്നെ സന്ദർശിക്കാനാണ്. നീ ലോകരുടെയെല്ലാം രക്ഷിതാവല്ലേ?

അല്ലാഹു പ്രതിവചിക്കും: എന്റെ ഇന്ന ദാസൻ രോഗിയായത് നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ടും നീ അയാളെ സന്ദർശിച്ചില്ല. നിനക്കറിയില്ലേ; അയാളുടെ അടുത്ത് നിനക്കെന്നെ കാണാമായിരുന്നുവെന്ന്.

മനുഷ്യാ, ഞാൻ നിന്നോട് തിന്നാൻ ചോദിച്ചു. നീ എനിക്കു തിന്നാൻ തന്നില്ല.

മനുഷ്യൻ ചോദിക്കും: നാഥാ, ഞാൻ നിനക്കെങ്ങനെ തിന്നാൻ തരാനാണ്. നീ ലോകരുടെയൊക്കെ തമ്പുരാനല്ലേ?

അല്ലാഹു പറയും: എന്റെ ഇന്ന അടിമ നിന്നോട് ആഹാരം ചോദിച്ചത് നിനക്കറിയാമായിരു

ന്നില്ലേ? എന്നിട്ടും നീ അയാൾക്ക് തിന്നാൻ കൊടുത്തില്ല. നീ അയാൾക്ക് ആഹരിക്കാൻ കൊടുത്തിരുന്നുവെങ്കിൽ അത് എന്റെ അടുത്ത് നിനക്ക് കാണാമായിരുന്നുവെന്ന് നിനക്ക് അറിഞ്ഞുകൂടായിരുന്നോ?

"മനുഷ്യാ, ഞാൻ നിന്നോട് കുടിക്കാൻ ചോദിച്ചു. നീ എനിക്ക് കുടിക്കാൻ തന്നില്ല.'

മനുഷ്യൻ പറയും: നാഥാ, ഞാൻ നിന്നെ എങ്ങനെ കുടിപ്പിക്കാനാണ്. നീ ലോകരുടെയൊക്കെ രക്ഷിതാവല്ലേ?

അല്ലാഹു പറയും: എന്റെ ഇന്ന അടിമ നിന്നോട് കുടിക്കാൻ ചോദിച്ചു. എന്നിട്ടും നീ അയാൾക്ക് കുടിക്കാൻ കൊടുത്തില്ല. നീ അയാളെ കുടിപ്പിച്ചിരുന്നുവെങ്കിൽ അതിവിടെ എന്റെ അടുത്ത് കാണാമായിരുന്നുവെന്ന് നിനക്കറിഞ്ഞുകൂടായിരുന്നോ?" (മുസ്‌ലിം)

രോഗസന്ദർശനത്തിന് പ്രപഞ്ചനാഥൻ നൽകുന്ന അതിമഹത്തായ പരിഗണനയാണ് പ്രവാചകൻ ഇവിടെ പഠിപ്പിക്കുന്നത്. രോഗിയുടെ അടുത്ത് ചെന്ന് അയാൾക്ക് ആശ്വാസം പകർന്നു കൊടുക്കുന്നത് അല്ലാഹുവിന്റെ അടുത്ത് മഹത്തായ പ്രതിഫലം ഉറപ്പുവരുത്തുന്നു.

നബിതിരുമേനി അനുശാസിക്കുന്നു; 'വിശക്കുന്നവനെ ആഹരിപ്പിക്കുക. രോഗിയെ സന്ദർശിക്കുക. തടവുകാരനെ മോചിപ്പിക്കുക' (ബുഖാരി)

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള അഞ്ചു ബാധ്യതകളിൽ അതിപ്രധാനമാണ് രോഗിയായാൽ സന്ദർശിക്കുകയെന്നത് (ബുഖാരി, മുസ്‌ലിം).

ഒരാൾ രാവിലെ ഒരു രോഗിയെ സന്ദർശിച്ചാൽ എഴുപതിനായിരം മലക്കുകൾ വൈകുന്നേരം വരെ അയാൾക്കുവേണ്ടി പ്രാർഥിക്കുമെന്നും വൈകുന്നേരം സന്ദർശിച്ചാൽ പ്രഭാതം വരെ പ്രാർഥിക്കുമെന്നും പ്രവാചകൻ പറഞ്ഞിരിക്കുന്നു (തിർമിദി).

രോഗിയെ സന്ദർശിക്കുമ്പോൾ രോഗിയുടെ തലയുടെ അടുത്തിരുന്ന് കൈകൊണ്ട് തലയും നെറ്റിയും ശരീരവും തടവുന്നതും രോഗശമനത്തിനായി പ്രാർഥിക്കുന്നതും പ്രവാചക ചര്യയിൽ പെട്ടതാണ് (ബുഖാരി, മുസ്‌ലിം)

രോഗിയോട് ക്ഷമപാലിക്കാനാവശ്യപ്പെടുന്നതും രോഗം പാപമോചനത്തിന് ഹേതുവാണെന്ന് പറഞ്ഞ് ആശ്വസിപ്പിക്കുന്നതും മഹത്തായ പുണ്യകർമമാണ്.

ഇസ്‌ലാമിന്റെ സുവർണകാലത്ത് സ്പെയിനിലും മറ്റും രോഗികൾക്ക് ഖുർആൻ പാരായണം ചെയ്തുകൊടുക്കാനും കഥപറഞ്ഞു കൊടുക്കാനും പാട്ടുപാടികൊടുക്കാനും ആളുകളെ നിശ്ചയിച്ചിരുന്നു. ഈയാവശ്യാർഥം വഖ്ഫ് സ്വത്തുക്കൾ നീക്കിവെക്കുകയും ചെയ്തിരുന്നു.

ഇസ്‌ലാം മനുഷ്യവികാരങ്ങൾക്ക് വേണ്ടവിധം പരിഗണന നൽകുന്നു. മനസ്സിന്റെ വേദനകള കറ്റാൻ പരമാവധി ശ്രമിക്കുന്നു. രോഗസന്ദർശനത്തിന് വമ്പിച്ച പ്രാധാന്യം കൽപിക്കാനുള്ള കാരണവും അതുതന്നെ. മനുഷ്യൻ സഹജീവികളുടെ കാലൊച്ച കേൾക്കാനും വാക്കുകൾ ശ്രവിക്കാനും അവരെ കാണാനും അവരുടെ സാന്നിധ്യം അനുഭവിക്കാനും ഏറ്റവും കൂടുതൽ ആഗ്രഹിക്കുക രോഗാവസ്ഥയിലാണ്. അപ്പോൾ സുഹൃത്തുക്കളുടെ സന്ദർശനവും അവരുടെ ആശ്വാസ വചനങ്ങളും പ്രാർഥനകളും നൽകുന്ന നിർവൃതി വിവരണാതീതമത്രെ.

എന്നാലിന്ന് എല്ലാവരും തിരക്കിലാണ്. ഉപഭോഗസംസ്കാരവും കമ്പോള നാഗരികതയും എല്ലാവരുടെയും സമയം കവർന്നെടുത്തിരിക്കുന്നു. ഇന്ന് ആർക്കും ഒന്നിനും സമയമില്ല. സഹധർമിണിയുമായി സഹവസിക്കാനോ കുട്ടികളുമായി സംസാരിക്കാനോ മതാപിതാക്കളെ ശുശ്രൂഷിക്കാനോ പോലും ഒഴിവില്ല. എന്നാൽ എന്തിനാണ് ഈ തിരക്കെന്ന് ആർക്കും അറിയുകയുമില്ല. പുതിയ ജീവിതരീതി സൃഷ്ടിച്ച ഈ അവസ്ഥ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നവരിൽ ഒരുവിഭാഗം രോഗികളാണ്. ഇന്ന് സന്ദർശക സാന്നിധ്യം അനുഭവിക്കുന്ന രോഗികൾ അപൂർവമാണ്. സമൂഹത്തിൽ നിറഞ്ഞുനിന്നിരുന്ന പൊതുപ്രവർത്തകർ പോലും രോഗികളാകുന്നതോടെ ഒറ്റപ്പെടുന്നു.

തങ്ങളും ഒരിക്കൽ രോഗികളാവുമെന്നും അങ്ങനെ ആശുപത്രിക്കിടക്കളുടെയും വീട്ടിലെ കട്ടിലുകളുടെയും തടവുകാരാവുമെന്നും ഏറെ പേരും ഓർക്കാറില്ല. അന്ന് തങ്ങളെ ആവരണം ചെയ്തേക്കാവുന്ന ഏകാന്തതയെക്കുറിച്ച് ആലോചിക്കാറില്ല. അതുകൊണ്ടു തന്നെ കൂടെക്കഴിഞ്ഞിരുന്ന ഉറ്റ സുഹൃത്തുക്കൾ രോഗികളായാൽപോലും അവരെ സന്ദർശിക്കുന്നതിൽ പിശുക്ക് കാണിക്കുന്നു. കൊടുക്കുന്നതേ തിരിച്ചുകിട്ടുകയുള്ളു എന്ന കാര്യം മറക്കാതിരിക്കുക. രോഗസന്ദർശനത്തിൽ വീഴ്ച വരുത്തുന്നത് പരലോകത്ത് വിചാരണക്ക് വിധേയമാവുന്ന ഗുരുതരമായ കുറ്റമാണെന്നും. ■